## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1771 | 08.06.2018-ൽ മറുപടിയ്ക്ക് |
|---|---|

**സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | കേരളത്തെ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളെ 2016 നവംബർ 1 ന് വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. നഗര പ്രദേശങ്ങളെ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പ്രദേശമാക്കി പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൊച്ചി കോർപ്പറേഷൻ ഒഴികെ മറ്റെല്ലാ നഗരസഭകളും വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രഖ്യാപനത്തിന് ശേഷവും തുറസ്സായ സ്ഥലങ്ങളിലും പൊതുവഴികളിലും വിസർജ്ജനം നടത്തുന്ന സാഹചര്യത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ആധുനിക രീതിയിലുള്ള ശൗചാലയങ്ങൾ നിർമ്മിച്ച് ഇതിന് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | പൊതുസ്ഥലങ്ങളിൽ ആധുനിക പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്ന തിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ